**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പ്രോത്സാഹനത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ എം മുകേഷ് ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷമില്ലെന്ന് തെറ്റിദ്ധാരണ പരത്താൻ ചിലർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ വ്യവസായ പ്രോത്സാഹനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ KSWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെൻറർ (എൻ.ഐ.സി) വഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ(കെ.എസ്.ഐ.ഡി.സി)ആണ് KSWIFT ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ മേൽ നോട്ടം വഹിക്കുന്നത്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'M.S.M.E Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC,KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർ നടപടികൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നല്കുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Lease Policy പുറപ്പെടുവിക്കുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി ചെലവാക്കി അന്തർദേശീയ നിലവാരത്തിലുള്ള ഒരു Exhibition cum Trade Centre കൊച്ചിയിൽ

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുന്നതാണ്. രണ്ട് മാസത്തിനുള്ളിൽ വിവിധ തലത്തിലുള്ള വ്യവസായ സംഘടനാ പ്രതിനിധികളുമായി 6 തവണ ഇതിനകം ആശയ വിനിമയം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മേൽ തരത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്ന വേളയിലും വസ്തുതാപരമല്ലാതെ ചില തെറ്റായ പ്രചരണങ്ങൾ ചിലർ ബോധപൂർവ്വം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിച്ച് തീർപ്പുകല്പിക്കാൻ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ 20.05.2021 ൽ കൂടിയ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സാറ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. |
| (സി) | കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് സംസ്ഥാന സർക്കാർ പൂർത്തിയാക്കേണ്ട ദൗത്യങ്ങളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് 301 ദൗത്യങ്ങളാണ് പൂർത്തികരിക്കാൻ നിർദ്ദേശിച്ചിരുന്നത്. ഇവയിൽ 47 ദൗത്യങ്ങൾ കേരള സംസ്ഥാനത്തിന് ബാധകമല്ലാത്തതാണ്. സംസ്ഥാനത്തിന് ബാധകമായ ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം 94% ദൗത്യങ്ങളും സംസ്ഥാനം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ